# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 04-07-2013 ൽ |
| ചോദ്യം നം. 5509 | മറുപടി നൽകേണ്ടിയിരുന്നത് |

## കൊയിലാണ്ടി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.ദാസൻ | | (ബഹു. ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം ജലവിഭവ വകുപ്പിന്റെ എന്തെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചത്;<br>ഓരോ പദ്ധതിയ്ക്കും എത്ര തുകയുടെ ഭരണാനുമതിയാണ് ലഭിച്ചത്; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കേരള ജല അതോറിറ്റിയുടെ കീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ പേരുവിവരവും തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.<br>ചീഫ് എഞ്ചിനീയർ, പ്രോജക്ട് 1 ന് കീഴിൽ മീങ്കര, ചുള്ളിയാർ, മംഗലം, പോത്തുണ്ടി, വാളയാർ, പഴശ്ശി എന്നീ പദ്ധതികളുടെ നവീകരണത്തിനായി 13-ാം ധനകാര്യ കമ്മീഷനിൽ 2011-12 വർഷത്തേയ്ക്ക് 2024 ലക്ഷം രൂപയുടെയും 2012-13 വർഷത്തേയ്ക്ക് 2284 ലക്ഷം രൂപയുടെയും ഭരണാനുമതി നല്കിയിട്ടുണ്ട്. പൂർത്തീകരിച്ച പദ്ധതികളുടെ അണക്കെട്ടുകളുടെ നവീകരണത്തിനായി DRIP ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ജലവിഭവ വകുപ്പിൽ ആകെ 158 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. വരൾച്ചാ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് കാരാപ്പുഴ പദ്ധതിക്കുവേണ്ടി 5 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്.<br>ജലനിധിയിലൂടെ മഴവെള്ള കൊയ്ത്തിന്റേയും ഭൂജലസംപോഷണ പദ്ധതി 2012-13 വർഷത്തിൽ നടപ്പിലാക്കുന്നതിനായി 12.02 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഭരണാനുമതി ലഭിച്ചിട്ടുള്ള ഈ പ്രവർത്തികളോരോന്നിന്റെയും. പുരോഗതി വിശദമാക്കുമോ; | (ബി) | ജലഅതോറിറ്റിയുടെ കീഴിലുള്ള പദ്ധതികളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>പ്രോജക്ട്സ്-1 ന് കീഴിൽ 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളിൽ 2011-12 വർഷത്തെ പ്രവൃത്തികൾ പൂർത്തീകരിച്ചു. 2012-13 വർഷത്തെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. DRIP ൽ ഉൾപ്പെടുത്തി മലമ്പുഴ പദ്ധതിക്ക് 8.15 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകുകയും ടെണ്ടർ ചെയ്യുകയും ചെയ്തു. വാളയാർ പദ്ധതിക്ക് 5.05 കോടി രൂപയുടെ സാങ്കേതിക അനുമതി നല്കി. മറ്റു പദ്ധതികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു. വരൾച്ചാ ദുരിതാശ്വാസത്തിൽ അനുമതി ലഭിച്ച പ്രവൃത്തികളും പുരോഗമിച്ചു വരുന്നു.<br>ജലനിധിയിലൂടെ കോട്ടയം, ഇടുക്കി, കണ്ണൂർ എന്നീ മൂന്ന് ജില്ലകളിലായി ആറ് ഗ്രാമപഞ്ചായത്തുകളിൽ 1519 മഴവെള്ള സംഭരണികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണ ഘട്ടത്തിൽ എത്തി നിൽക്കുന്നു. ബാക്കി 281 മഴവെള്ള സംഭരണികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. |
| (സി) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ എത്ര കുടിവെള്ള പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ; | (സി) | കേരള വാട്ടർ അതോറിറ്റിയിൽ ഉത്തരമേഖല ചീഫ് എഞ്ചിനീയറുടെ കീഴിൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ശുദ്ധജല വിതരണ പദ്ധതികൾ ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു |
| (ഡി) | ഈ പദ്ധതികളുടെ പുരോഗതി വ്യക്തമാക്കുമോ; | (ഡി) | ബാധകമല്ല. |

| | | | |
|---|---|---|---|
| (ഇ) | വരൾച്ചാനിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി കൊയിലാണ്ടി മണ്ഡലത്തിൽ ഒരു വർഷം കൊണ്ട് നടപ്പിലാക്കാവുന്ന കുടിവെള്ള പദ്ധതികൾ സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | (ഇ) | കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ കുന്നിയോറമല കുടിവെള്ള പദ്ധതിയ്ക്ക് 55 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരിഗണിച്ചിരുന്നു. ആയത് പിന്നീട് മുനിസിപ്പാലിറ്റി ഡെപ്പോസിറ്റ് പ്രവൃത്തിയായി ചെയ്യാൻ തീരുമാനിച്ചു. |
| (എഫ്) | കൊയിലാണ്ടി മണ്ഡലത്തിൽ നടന്നുകൊണ്ടിരിക്കുന്ന എം.എൽ.എ.എസ്.ഡി.എഫ് കുടിവെള്ള പദ്ധതികൾ ഓരോന്നിന്റെയും പുരോഗതി വിശദമാക്കുമോ? | (എഫ്) | **<u>കേരള വാട്ടർ അതോറിറ്റി</u>**<br>1. കണിയാംകുന്ന് ശുദ്ധജല വിതരണ പദ്ധതി ഒന്നാംഘട്ടവും രണ്ടാം ഘട്ടവും പൂർത്തീകരിച്ചു. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്ന മുറയ്ക്ക് ട്രയൽ റൺ നടത്തി ജലവിതരണം ആരംഭിക്കുന്നതാണ്.<br>2. മൂടാടി പഞ്ചായത്ത് വലിയമല കുടിവെള്ള പദ്ധതി - 4 മീറ്റർ വ്യാസമുള്ള കിണറിന്റെ നിർമ്മാണം 50% പൂർത്തീകരിച്ചു. |

**സെക്ഷൻ ഓഫീസർ**